# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.277 28/10/2019-ൽ മറുപടിക്ക്

### ക്യാൻസർ രോഗ ചികിത്സാകേന്ദ്രം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബാബു | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | പാലക്കാട് ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ക്യാൻസർ രോഗ ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | പാലക്കാട് ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ക്യാൻസർ രോഗ ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഇത് സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | ബി) | പാലക്കാട് ജില്ലാ ആശുപത്രിയിൽ 2013 മുതൽ ജില്ലാ ക്യാൻസർ കെയർ പദ്ധതി നിലവിലുള്ളതും കീമോതെറാപ്പിയുൾപ്പെടെയുള്ള സേവനങ്ങൾ നൽകി വരുന്നതുമാണ്. 24/08/2019 ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ആഭിമുഖ്യത്തിൽ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ആഫീസർ, ഇറാം ഗ്രൂപ്പ് എന്നിവരുടെ നേതൃത്വത്തിൽ ചർച്ച നടത്തി ക്യാൻസർ കെയർ പദ്ധതിയുടെ നോഡൽ ഓഫീസറുമായി ചർച്ച ചെയ്ത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. ഇറാം ഗ്രൂപ്പും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും പ്രസ്തുത സ്ഥലം സന്ദർശിച്ച് തൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. 10.10.2019-ൽ ജില്ലാ കളക്ടർ ക്യാൻസർ കെയർ പദ്ധതികളുടെ നോഡൽ ഓഫീസറുമായി വീഡിയോ കോൾ മുഖേന ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇറാം ഗ്രൂപ്പ് പ്രോജക്ടിന് ആവശ്യമായ ബിൽഡിംഗുകളും മറ്റും നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ